പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 13, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

# ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : T 4163
ശ്രീ. സി.കെ. ശശീന്ദ്രൻ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്താണെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ആനുകൂല്യം ലഭിക്കാത്ത രോഗങ്ങൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടരുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ? | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. തുടർന്ന് സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി നടത്തിയ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കി വരുന്നു. അതോടൊപ്പം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിച്ചുവരുന്നു. RFP (Request For Proposals) യും ടെണ്ടർ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുന്ന രോഗങ്ങളുടെ അന്തിമ പട്ടിക ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ